പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യ നം. *402.

18.12.2014 ൽ
മറുപടിയ്ക്ക്

## കേരളാ സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.ജി.സുധാകരൻ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീമതി.പി.അയിഷാ പോറ്റി. | | ശ്രീ. പി. കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | കേരളാ സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (കെ.സാക്) രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇതിനായി കേന്ദ്രസഹായം ലഭിച്ചിരുന്നോ ; | (ബി) | ഇല്ല |
| (സി) | ബജറ്റിൽ ഇതിനായി എത്ര തുക വകയിരുത്തിയിരുന്നു; | (സി) | സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനു അനുവദിച്ച ഗ്രാന്റ്-ഇൻ-എയ്ഡ് തുകയിൽ നിന്നും 2014-15 കാലയളവിലേയ്ക്കായി ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | കെ.സാക് രൂപീകരണത്തിന് ഇപ്പോൾ എന്താണ് തടസ്സമുള്ളതെന്ന് അറിയിക്കാമോ ; | (ഡി) യും (ഇ) യും | കേരളാ സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ ഡയറക്ടർ സ്ഥാനത്തേയ്ക്ക് നിയമനം നടന്നിട്ടില്ല. ആയതിലേയ്ക്കുള്ള നിയമനം നടന്നതിനു ശേഷം മാത്രമേ കൗൺസിലിന്റെ രൂപീകരണം സാധ്യമാകൂ. |
| (ഇ) | ഇതിന്റെ രൂപീകരണം സ്വകാര്യമേഖലയിൽ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുമെന്നിരിക്കെ രൂപീകരണം താമസിപ്പിക്കുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ